2265
6/9/18

കേരള സർക്കാർ

സംഗ്രഹം

2015–16 വർഷത്തിൽ കോന്നി ഡിവിഷനിൽ നിന്നും ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് അനുവദിച്ച അസംസ്കൃത വസ്തുക്കൾ ശേഖരിച്ച് നീക്കം ചെയ്യാൻ കാലാവധി ദീർഘിപ്പിച്ച് നൽകിയ നടപടി സാധൂകരിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

G.O.(Rt)No.364/2018/F&WLD തീയതി,തിരുവനന്തപുരം, 02/08/2018

---

പരാമർശം:- പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) - ന്റെ 19/6/2017, 21/5/2018 തീയതികളിലെ പ്രൊ(4) -26446/2016 നമ്പർ കത്തുകൾ.

ഉത്തരവ്

2015–16 വർഷത്തിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് കോന്നി ഡിവിഷന്റെ കീഴിലുള്ള നടുവത്തുമൂഴി റെയിഞ്ചിൽ നിന്നും അസംസ്കൃത വസ്തുക്കൾ ശേഖരിക്കുന്നതിനായി അനുവദിച്ച 1998 പിച്ചാണ്ടിക്കുളം അക്കേഷ്യ (18.50 ഹെ.), 2000 കിഴക്കേ നീരാമക്കുളം അക്കേഷ്യ മാഞ്ചിയം (24.85 ഹെ. ) എന്നീ തോട്ടങ്ങളിൽ നിന്നും ശേഖരിച്ച 893.59 മെട്രിക് ടൺ ഉൽപന്നങ്ങൾ 2016 മെയ് 3 1 എന്ന കാലാവധിക്കുള്ളിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് നീക്കം ചെയ്യാൻ സാധിച്ചിരുന്നില്ല ആയതിനാൽ കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 01.06.2016 തീയതി മുതൽ 3 0 ദിവസത്തേയ്ക്ക് കാലാവധി നീട്ടി നൽകിയിരുന്നു. പ്രസ്തുത കാലയളവിലെ പിഴ നിശ്ചയിച്ച് കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് ചെലാൻ നൽകിയിട്ടുള്ളതും ടി തുക ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് ഒടുക്കിയിട്ടുള്ളതുമാണെന്നും, 1998 പിച്ചാണ്ടിക്കുളം അക്കേഷ്യ തോട്ടത്തിലെ ഉൽപ്പന്നം നീക്കം ചെയ്യാതെ കിടന്നത് മൂലമുള്ള സർക്കാർ നഷ്ടം 61,618/ രൂപയും, കിഴക്കേ നീരാമക്കുളം അക്കേഷ്യ തോട്ടത്തിലെ നഷ്ടം 76,121/- രൂപയും ഉൾപ്പെടെ ആകെ 1,37,739/- രൂപയുമാണെന്നും പരാമർശം പ്രകാരം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ

ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) അറിയിച്ചിട്ടുണ്ട്.

2) ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡുമായി 03.03.2016ന് ഒപ്പ് വച്ചിട്ടുള്ള എഗ്രിമെന്റ് കണ്ടിഷൻ 9 പ്രകാരം, മുറിച്ചിട്ട അസംസ്കൃത വസ്തുക്കൾ ജൂൺ 1 മുതൽ ആഗസ്റ്റ് 31 വരെ പുനർ നടീൽ പ്രവൃത്തികൾക്ക് ദോഷമാകാതെ തോട്ടത്തിൽ നിന്നും കൊണ്ടു പോകുന്നതിന് പിഴ ഈടാക്കികൊണ്ട് അനുമതി നൽകേണ്ടത് സർക്കാർ തലത്തിലായതിനാൽ എഗ്രിമെന്റ് കണ്ടിഷൻസ് 9 പ്രകാരം കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പിഴ ഈടാക്കാൻ സ്വീകരിച്ച നടപടി അംഗീകരിച്ച് ഉത്തരവാകണമെന്ന് പരാമർശം പ്രകാരം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ശുപാർശ ചെയ്തിട്ടുണ്ട്.

3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ മുൻ ഖണ്ഡികയിലെ ശുപാർശ പരിഗണിച്ച്, ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡുമായി 03.03.2016ന് ഒപ്പ് വച്ചിട്ടുള്ള എഗ്രിമെന്റ് കണ്ടിഷൻ 9 പ്രകാരം, 2015-16 വർഷത്തിൽ കോന്നി ഡിവിഷനിൽ നിന്നും ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് അനുവദിച്ച അസംസ്കൃത വസ്തുക്കൾ ശേഖരിച്ച് നീക്കം ചെയ്യാൻ പിഴ ഈടാക്കിക്കൊണ്ട് കാലാവധി ദീർഘിപ്പിച്ച് നൽകിയ കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നടപടി സാധൂകരിച്ച് കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANILKUMAR V.S
DEPUTY SECRETARY

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം

വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

V Beena

സെക്ഷൻ ഓഫീസർ